Draft #1 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 12-Dec-2019 10:26 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള വിവിധയിനം ഫീസിനത്തിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6378/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.12.2019

---

പരാമർശം:-ബഹു.വൈസ് ചാൻസലറുടെ കുറിപ്പ് നമ്പർ വി.സി.702/ 01/ 188 / 2019 തീയതി 05.12.2019.

**ഉത്തരവ്**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള വിവിധയിനം ഫീസിനത്തിൽ ഭീമമായ കുടിശിക നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടപ്പോൾ ഇത്തരം കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുന്നതിനായി നിർദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മിക്ക കോളേജുകളും കുടിശ്ശികയിനത്തിൽ ഒരുമിച്ച് തുക ഒടുക്കുന്നതായും, കുടിശ്ശിക സംബന്ധിച്ച് വിശദമായ കണക്കുകൾ സർവകലാശാല മുൻപാകെ ലഭ്യമാക്കുന്നില്ലാത്തതായും ശ്രദ്ധയിൽപെട്ടതിനാൽ ഫീസിനത്തിലുള്ള കുടിശ്ശിക പൂർണമായും പിരിച്ചെടുക്കുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ കൂടി അടിയന്തരമായി നടപ്പിലാക്കുന്നതിന് മേൽ പരാമർശം പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. കോളേജുകളുടെ അഫിലിയേഷൻ പുതുക്കി നല്കുന്നതിനായും, മാർജിനൽ വർദ്ധനവ്/ പുതിയ കോഴ്സുകൾ അനുവദിക്കുന്നത്/ അധിക സീറ്റ് അനുവദിക്കുന്നത്/ നാക് അക്ക്രഡിറ്റേഷനുമായി ബന്ധപെട്ട ഡാറ്റ ലഭ്യമാക്കുന്നത് എന്നിവയ്ക്കായും അപേക്ഷകൾ സമർപ്പിക്കുമ്പോൾ, നാളിതുവരെയുള്ള വിവിധയിനം ഫീസ് കുടിശ്ശിക ഒടുക്കിയതിന്റെ ചെല്ലാനുകൾ / ഫീ രസീതുകൾ എന്നിവയും, ഫീസ് സംബന്ധമായ വിശദാംശങ്ങൾ അടങ്ങിയ ഡിമാൻഡ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റും കൂടി കോളേജുകൾ സമർപ്പിക്കേണ്ടതാണ്.

2. ഇത്തരം അപേക്ഷകളുടെ ഒപ്പം ലഭിക്കുന്ന ഡിമാൻഡ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റുകൾ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തെക്കൊണ്ടു പരിശോധിപ്പിച്ച് കൃത്യത ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ബന്ധപ്പെട്ട അപേക്ഷകൾ സെക്ഷനുകൾ പരിഗണിക്കേണ്ടതുള്ളൂ.

3. കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ഫീസുകൾ പരിഗണിക്കുമ്പോൾ താഴെപറയുന്ന ഫീസുകൾ എല്ലാം തന്നെ കോളേജുകൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റിൽ ഉൾപെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

a. സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീ
b. സ്പോർട്സ് അഫിലിയേഷൻ ഫീ
c. സ്റ്റുഡന്റ്സ് ഇൻഷുറൻസ് പ്രീമിയം
d. സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട്
e. ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീ (സ്വാശ്രയ പ്രോഗ്രാമുകൾക്ക് )
f. ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കേണ്ട ഫീസുകൾ (എസ്.സി/ എസ്.ടി/ഒ.ബി.സി/ ഒ.ഇ.സി/കെ.പി.സി.ആർ. വിഭാഗത്തിൽപെടുന്നവർക്ക് ലഭിക്കുന്ന പരീക്ഷാ ഫീസ്, എസ്.സി/

എസ്.ടി വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്തു ലഭിക്കുന്ന സർവ്വകലാശാലയിലേക്കു ഒടുക്കേണ്ട ഫീസ്)

4. സർവകലാശാലയിലേക്കു ലഭിക്കേണ്ടുന്ന റവന്യൂ വരുമാനത്തിൽ കുറവുണ്ടാകാതിരിക്കുന്നതിനായി ഫീസിനത്തിൽ കുടിശ്ശികയുള്ള കോളേജുകൾ മേൽ സൂചിപ്പിച്ചതുൾപ്പടെ വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ, കുടിശ്ശിക ഒടുക്കിയത് സംബന്ധിച്ച സർവകലാശാലാ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭിച്ചതിനു ശേഷം മാത്രമേ പരിഗണിക്കാൻ പാടുള്ളൂ.

5. സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻസ് എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ച നിശ്ചിത സമയ പരിധിക്കുള്ളിൽ സേവനം ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തു കുടിശ്ശിക പൂർണ്ണമായും ഒടുക്കിയത് സംബന്ധിച്ചുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയതിനു ശേഷം മാത്രം അപേക്ഷകൾ സ്വീകരിച്ചാൽ മതിയാവുന്നതാണ്.

6. മേൽ നിബന്ധനകൾ സ്വയംഭരണ കോളേജുകളുടെ കാര്യത്തിലും ബാധകമായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ .
2.വി സി / പി വി സി / എന്നിവരുടെ പി.എസ് മാർ.
3.രജിസ്ട്രാർ /എഫ്ഒ / സി ഇ എന്നിവരുടെ പി എ മാർ.
4.ജെ ആർ /ഡി ആർ /എ ആർ (അക്കാഡമിക്/പരീക്ഷ/ഫിനാൻസ്).
5.സിറ്റാഡ്/ ഐകയുഎസി / പി ആർ ഒ / അന്വേഷണം / കണ്ടെന്റ് മാനേജ്‌മെന്റ് സെൽ.
6.എ സി സി 1/എ സി സി 2/എ റ്റി ആർ /എസി ബി 6 /എസിബി 7/എസിബി 8.
7.ഇന്റേണൽ ഓഡിറ്റ് / അക്കൗണ്ട്സ് iii/അക്കൗണ്ട്സ് v / വിവിധ അക്കാഡമിക് സെക്ഷനുകൾ
8.കരുതൽ ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 12-Dec-2019 10:26 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം